1 SUKUMARAN

അസോഷിയേറ്റഡ് പ്രൊഡ്യൂസേഴ്സ്

# നായരു് പിടിച്ച പുലിവാലു്



നട

ര്,

(മലയാളം പാട്ടുപുസ്തകം)

**A joint production of Associated & Filmco.**

## നടീനടന്മാർ

| | | |
|---|---|---|
| രാഗിണി | .... | തങ്കം |
| പ്രേമ | .... | ലളിത |
| പങ്കജവല്ലി | .... | കല്യാണിയമ്മ |
| സത്യൻ | .... | ചന്ദ്രൻ |
| മുത്തയ്യാ | .... | പൈതൽനായർ |
| മുതുകുളം | .... | കുട്ടപ്പക്കുറുപ്പ് |
| എസ്. പി. പിള്ള | .... | ചന്തു |
| ബഹദൂർ | .... | കേശു |
| ജി. കെ. പിള്ള | .... | ഗോപി |
| ടി. എൻ. ഗോപി<br>നാഥൻനായർ | .... | സർക്കസ് പ്രൊപ്രൈറ്റർ |
| കൊച്ചപ്പൻ | .... | കൊച്ചുണ്ണി |
| കുഞ്ഞാവ | .... | ഖാദർ |
| വാണക്കുററി | .... | കുറുപ്പിൻെറ ഗുരു |

മററു പലരും

●

കഥ .... ഉറൂബ്

ഗാനരചന .... പി. ഭാസ്കരൻ

പിന്നണിഗാനങ്ങൾ .... പി. ലീല, ഉദയഭാനു, മെഹബൂബ്

സംഗീതം .... കെ. രാഘവൻ

●

**സ്ററുഡിയോ**

വാഹിനി & മോഡൺ തിയേറേറഴ്സ്

**ഡയറക്ഷൻ**

## പി. ഭാസ്കരൻ

# — കഥാസൂചന —

കുട്ടപ്പക്കുറുപ്പും പൈതൽനായരും ഗ്രാമത്തിൽ അയൽക്കാരാണു്; ബദ്ധവിരോധികളുമാണു്. രണ്ടുപേൎക്കും അടുത്തടുത്തായി ഓരോ ഹോട്ടൽക്കച്ചവടവുമുണ്ടു്.

കുറുപ്പും പൈതൽനായരും തമ്മിൽ നടത്തുന്ന 'ശീതസമര'ത്തിനു് ഒരു നീണ്ട ചരിത്രമുണ്ടു്. കള്ളക്കേസുകൾ, വ്യവഹാരങ്ങൾ, മന്ത്രവാദം — അങ്ങിനെ തന്നാലാവുന്ന പ്രത്യക്ഷസമരമുറകൾ കുട്ടപ്പക്കുറുപ്പ് പ്രയോഗിച്ചിട്ടുണ്ടു്. പൈതൽനായരും വിട്ടുകൊടുത്തിട്ടില്ല.

ഇതെല്ലാം പഴയ ചരിത്രമാണു്. നമ്മുടെ കഥ നടക്കുമ്പോൾ, ദൈവഭക്തനും ശുദ്ധനുമായ പൈതൽനായർ, ഭാൎയ്യ കല്യാണിയമ്മ (വലിയ വായിൽനാക്കുകാരിയാണു്). മൂത്ത മകൾ തങ്കം (മധുരപ്പതിനേഴ — നല്ല സുന്ദരി), ഇളയ രണ്ടു കുട്ടികൾ എന്നിവരോടൊപ്പം അടങ്ങിയൊതുങ്ങി ജീവിക്കുകയായിരുന്നു. കുറുപ്പിനാകട്ടെ, ഒരൊററ മകൻ മാത്രമേയുള്ളു: കിറുക്കൻ കൊച്ചുണ്ണി. സ്വല്പം കഥകളിഭ്രാന്തും പ്രേമത്തിന്റെ ഉപദ്രവവുമുണ്ടു്.

അങ്ങിനെയിരിയ്ക്കുമ്പോഴാണു് "പെനിൻസുലാ സൎക്കസ്സു"കാർ ഗ്രാമത്തിൽവന്നതു്. സൎക്കസ്സ് പ്രൊപ്രൈററർ ഗംഗാധരൻ, പ്രസിദ്ധ ട്രപ്പീസ് കളിക്കാരനായ ചന്ദ്രൻ, ചന്തു, കേശു തുടങ്ങിയ കോമാളികൾ, ആന, കുതിര, നരി, സിംഹം, കുരങ്ങന്മാർ എന്നുവേണ്ടാ പത്തിരുന്നൂറാളു

കള്ളുള്ള വലിയൊരു സംഘം ഗ്രാമത്തിൽ വന്നിറങ്ങി ആകെ ബഹളം. സ്ഥലത്തെ റൌഡിത്തലവനും തങ്കത്തിൻെറ നിഗ്രഢാരാധകനുമായ ഗോപി ചെന്നു് പൈതൽ നായക്കൊരുപദേശം കൊടുത്തു: "സക്കസ്സുകാക്കെല്ലാം ഊണും കാപ്പിയും കൊടുക്കാനുള്ള കോൺട്രാക്'ററ് എടുക്കണം. നല്ലയൊരു ബിസിനസ്സാവും!" പൈതൽനായർ സക്കസ് മൈതാനത്തേയ്ക്കോടിച്ചെന്നപ്പോഴുണ്ടു്, ഏഴരശ്ശനിപോലെ കുട്ടപ്പക്കുറുപ്പ് കോൺട്രാക്'ററിനുവേണ്ടി നിന്നു പാടുപെടുന്നു.

പക്ഷെ, പൈതൽനായരെ ദൈവം സഹായിച്ചു. ചന്ദ്രനും! ചന്ദ്രനെ പൈതൽനായർ കണ്ടപ്പോൾ അറിഞ്ഞില്ലെങ്കിലും പിന്നീടു് മനസ്സിലാക്കി. ചന്ദ്രൻെറ നിർബ്ബന്ധം മൂലമാണു് സക്കസ് ആ ഗ്രാമത്തിൽ വന്നതുതന്നെ. ചന്ദ്രൻ ആ ഗ്രാമക്കാരൻതന്നെയാണു്. കുഞ്ഞൂത്തയിയമ്മയുടെ മകൻ! ആരുമില്ലാതെ അനാഥനായി തങ്കവുമായി കളിച്ചുനടന്നിരുന്ന അന്നത്തെ തെണ്ടിച്ചെറുക്കൻ! ഏതായാലും ഭക്ഷണത്തിൻെറ കോൺട്രാക്'ററ് പൈതൽനായക്കുതന്നെ കിട്ടി ഭാര്യയും ഭത്താവും സന്തോഷിച്ചു.

ചന്ദ്രനും തങ്കവും നാളുകൾ ചെല്ലുന്തോറും പരിചയബന്ധത്തിലൂടെ പ്രേമബന്ധത്തിലേയ്ക്കു് പ്രവേശിച്ചു. ഗോപിയ്ക്കു് ഇതുമൂലം ചന്ദ്രനോടും പൊതുവെ സക്കസ്സുകാരോടും വിരോധവുമായി. ഗോപിയും ചന്ദ്രനുമായി ചില്ലറ ഏററുമുട്ടലുകളും നടന്നു. സക്കസ്സുകാരും അതോടൊപ്പം പൈതൽനായരും നശിയ്ക്കുന്നതു കാണാൻ കാത്തിരിക്കുന്ന കുട്ടപ്പക്കുറുപ്പുമായി ഗോപി രഹസ്യവേഴ്ചയാരംഭിച്ചു

തങ്കത്തിനെ തനിക്കു് വിവാഹം കഴിച്ചുതരണമെന്നു് നിർബ്ബന്ധവും തുടങ്ങി കല്യാണിയമ്മയ്ക്കു് ഗോപിയെ സമ്മതമാണു്. നായർക്കും തങ്കത്തിനും ഭയങ്കര വിരോധവും!

അങ്ങിനെ ആഴ്ചകൾ രണ്ടുമൂന്നു കഴിഞ്ഞു. ഒരു ദിവസം രാത്രി ഗോപിയും കൂട്ടരും ചേർന്നു് ചന്ദ്രനെ ആക്രമിച്ചു. അക്രമികൾക്കു് മുറയ്ക്കു് സമ്മാനം കിട്ടിയെങ്കിലും ചന്ദ്രൻെറ കയ്യൊടിഞ്ഞുപോയി! പിറേറന്നുമുതൽ സർക്കസ്സിലെ ചില പ്രധാന അഭ്യാസങ്ങൾ വേണ്ടെന്നുവെയ്ക്കേണ്ടിവന്നു. ചന്ദ്രൻെറ അഭ്യാസങ്ങളുടെ അഭാവവും, കുറുപ്പിൻെറ എതിർപ്രചരണവും കുറച്ചു മഴയും കൂടിയായപ്പോൾ സർക്കസ്സിൻെറ പിരിവു് കുറഞ്ഞു.

സർക്കസ്സിലെ മറെറാരു പ്രധാന അഭ്യാസക്കാരിയാണു് സുന്ദരിയായ ലളിത. വർഷങ്ങളായി ചന്ദ്രൻെറ പ്രേമധാമമെന്ന ആ പദവി സ്വപ്നം കണ്ടുകൊണ്ടു് കഴിയുകയാണു് ആ പാവം! ശയ്യാവലംബിയായ ചന്ദ്രനെ ലളിത രാപ്പകൽ ശുശ്രൂഷിച്ചു.

ചന്ദ്രനു് അപകടം വന്നതുകൊണ്ടും മഴയുടെ ശല്യം കൊണ്ടും സർക്കസ്സുകാർ ദൂരദേശത്തേക്കു പോകാൻ നിശ്ചയിച്ചു. പൈതൽനായർക്കു് ക്ഷേണത്തിൻെറ വകയിൽ ബാക്കി രണ്ടായിരത്തോളം രൂപ കൊടുക്കാനുമുണ്ടു്. പാവം! നിസ്സഹായനായ സർക്കസ്സ് പ്രൊപ്രൈററർ രണ്ടാഴ്ചത്തെ അവധി ചോദിച്ചു. കല്യാണിയമ്മയുണ്ടോ വിടുന്നു! പണയം വേണമെന്നായി. ശുദ്ധനായ നായരും ലഹളയ്ക്കു നിന്നു. ഒടുവിൽ എല്ലാ പരിതഃസ്ഥിതികളും അടഞ്ഞപ്പോൾ മാനധനനായ സർക്കസ്സ് പ്രൊപ്രൈററർ തൻെറ

ജീവിതത്തിൽ ഏററവും വിലപിടിച്ച സമ്പത്തായ തൻെറ വന്യമൃഗങ്ങളെ രണ്ടാഴ്ചക്കാലത്തേക്ക് തൻെറ ഇഷ്ടത്തിനു വിപരീതമായി അവിടെ നിറുത്താമെന്നേററു.

സക്സസ്സ് അന്യരാജ്യത്തെത്തി. മൃഗങ്ങളില്ല. ചന്ദ്രൻെറ അഭ്യാസങ്ങളില്ല. പിരിവ് മോശംതന്നെ. പറഞ്ഞ അവധിക്ക് പണം അയച്ചുകൊടുക്കാൻ പ്രൊപ്രൈററക്ക് പിന്നെയും കഴിഞ്ഞില്ല!

പൈതൽനായർ കടക്കാരുടെ ശല്യം കൊണ്ടു് വലഞ്ഞു. അതിനു മകുടം ചാർത്താനായി ഗോപിയും കൂട്ടുകാരും കൂടി വളരെ ബുദ്ധിപൂർവ്വകമായ ഒരു ഗൂഢാലോചന നടത്തി, നായരെ ഒരു ഭയങ്കര ചതിയിൽ ചാടിക്കുകയും ചെയ്തു! അവസാനം ചില പ്രത്യേക പരിതഃസ്ഥിതികളുടെ സമ്മർദ്ദം നിമിത്തം തങ്കത്തെ ഗോപിയ്ക്കു് കല്യാണം കഴിച്ചു കൊടുക്കാമെന്നു് പൈതൽനായർ ഏററു.

ചന്ദ്രനിൽ നിക്ഷിപ്തമായ അവളുടെ സ്വപ്നങ്ങളുടെ അനന്തരകഥയോ? ലളിതയുടെ പ്രേമത്തിൻെറ അന്ത്യമെന്തു്? സക്സസ്സുകാർ പൈതൽനായരെ തീരെ കൈവെടിഞ്ഞു പോയോ? തൻെറ ജീവനേക്കാളം തനിക്കു വിലപിടിച്ച സമ്പത്തായ ആ വന്യമൃഗങ്ങളെ സക്സസ്സ് പ്രൊപ്രൈററർ എങ്ങിനെ വീണ്ടെടുത്തു? എല്ലാ പ്രശ്നങ്ങളുടേയും ഉത്തരം വെള്ളിത്തിരതന്നെ നല്കട്ടെ!

# നായരുപിടിച്ച പുലിവാല്

1

കോറസ്സ്

ധിനക ധിനക ധിന ധാരേ
ധിനക്ക ധിനക്ക ധിന ധാരേ
നാട്ടുകാരെ
ഊരുചുററി ഞങ്ങളെത്തി ചാരെ.
ധിനക ധിനക................
പുലി പുലി പുള്ളിപ്പുലി പുലി!
പല പല കുറുനരി നരി!
കല കല കലമ്പിടും കാട്ടിലെ കരടികൾ
ആനാ പൂനാ കുതിരാ!
കല കല കലമ്പിടും കാട്ടിലെ കരടികൾ
ആനാ പൂനാ കുതിരാ!
ധിനക ധിനക...................
കളി കളി പല കളി കളി!
കമ്പി കെട്ടി ഞാണിന്മേൽ കളി!
കസത്ത്സൂത്രം കരുത്തിൻെറ സൂത്രം
വരുവിൻ കാണിൻ പോവിൻ!
ധിനക ധിനക .. ...............

2

ചന്ദ്രൻ

എന്തിനിത്ര പഞ്ചസാര പുഞ്ചിരിപ്പാലിൽ–തങ്കം
പുഞ്ചിരിപ്പാലിൽ–തങ്കം–പുഞ്ചിരിപ്പാലിൽ!
എന്തിനിത്ര പഞ്ചസാര...................
എന്തിനിത്ര കുങ്കുമം നീ പൂങ്കവിളിണയിൽ പൂശി
നിൻ പൂങ്കവിളിണയിൽ പൂശി?

കാതിൽ വീഴും വാക്കിലെന്തേ കാണാക്കുയിലിൻ ഗാനം?
ഏതോ കാണാക്കുയിലിൻ ഗാനം?
എന്തിനിത്ര പഞ്ചസാര............
കാണുംനേരം നിന്നോടു ചൊല്ലാൻ കരുതീ പലപല—
—കാര്യം — ഞാൻ— കരുതീ പലപല കാര്യം.
നേരിൽ നിന്നെ കണ്ടനേരം നെഞ്ചിനു വല്ലാത്ത നാണം!
എൻ നെഞ്ചിനു വല്ലാത്ത നാണം!
എന്തിനിത്ര പഞ്ചസാര ......

## 3

### ചന്തു

കാത്തുസൂക്ഷിച്ചൊരു കസ്തൂരിമാമ്പഴം—ആ....ആ ..
കാത്തുസൂക്ഷിച്ചൊരു കസ്തൂരി മാമ്പഴം
കാക്കകൊത്തിപ്പോകും!—അയ്യോ
കാക്കച്ചി കൊത്തിപ്പോകും.
നോക്കിവെച്ചൊരു കാരകാരപ്പഴം
നോട്ടം തെററിയാൽപ്പോകും—നിൻെറ
നോട്ടം തെററിയാൽ പോകും.

കാത്തു സൂക്ഷിച്ചൊരു............
നട്ടുനനച്ചു വളർത്തിയ പൂച്ചെടി ആ ... ആ....
നട്ടുനനച്ചു വളർത്തിയ പൂച്ചെടി
മുട്ടനാടെത്തിത്തിന്നും—അയ്യോ
മുട്ടനാടെത്തിത്തിന്നും.

കൂട്ടിനുള്ളിലെ കോഴിക്കുഞ്ഞിനെ
കാട്ടുകുറുക്കൻ കക്കും—ഒരു
കാട്ടുകുറുക്കൻ കക്കും.

കാത്തുസൂക്ഷിച്ചൊരു... ........
കാച്ചിക്കുറുക്കിയ മോഹത്തിൻ പാല്

കാച്ചിക്കുറുക്കിയ മോഹത്തിൻ പാല്   ഈ....ഈ....
കാച്ചിക്കുറുക്കിയ മോഹത്തിൻ പാല്
പൂച്ച കുടിച്ചുപോകും—കരിം
പൂച്ച കുടിച്ചുപോകും.
പത്തിരി ചുട്ടു പറത്തിമ്മ വെച്ചതു്
കട്ടുറമ്പു കക്കും— ഒരു
കട്ടുറമ്പ് കക്കും.
കാത്തുസൂക്ഷിച്ചോരു............

## 4

### തങ്കം

പൊന്നണിഞ്ഞിട്ടില്ല ഞാൻ—
പൊന്നണിഞ്ഞിട്ടില്ല ഞാൻ–പൊട്ടുകുത്തീട്ടില്ല ഞാൻ–
എന്തിനാണു് എന്നെ നോക്കി,
കണ്ണുകൊണ്ടൊരു മയിലാട്ടം!
കണ്ണുകൊണ്ടൊരു മയിലാട്ടം!
കണ്ണെഴുതീട്ടില്ല ഞാൻ; കാപ്പണിഞ്ഞിട്ടില്ല ഞാൻ!
കാപ്പണിഞ്ഞിട്ടില്ല ഞാൻ!
എല്ലാർക്കും എന്നെക്കണ്ടാൽ വല്ലാത്തൊരു തെളിനോട്ടം,
വല്ലാത്തൊരു തെളിനോട്ടം!
പൊന്നണിഞ്ഞിട്ടില്ല ഞാൻ...........!
പാടത്തു പാറിനടക്കും പനന്തത്തയാണു ഞാൻ:
പാടത്തു പാറിനടക്കും പനന്തത്തയാണു ഞാൻ.
പാട്ടില്ലാ പഠിപ്പുമില്ലാ കൂട്ടമില്ലാ കൂടുവാൻ!
വീട്ടിന്റെ മുററത്തുള്ള കാട്ടുമുല്ലയാണു ഞാൻ,
കാട്ടുമുല്ലയാണു ഞാൻ.
കോവിലില്ല പൂജ ചെയ്യാൻ—ദേവനെന്നെ വേണമോ,
ദേവനെന്നെ വേണമോ?
പൊന്നണിഞ്ഞിട്ടില്ല ഞാൻ........!

## 5

### ചന്ദ്രൻ & തങ്കം

ച: വെളുത്ത പെണ്ണേ വെളുത്ത പെണ്ണേ
വെളുത്ത പെണ്ണേ വെളുത്ത പെണ്ണേ
മനസ്സിലെന്താണ്—നിൻ
മനസ്സിലെന്താണ് ?

ത: വെള്ളക്കവോളം കണ്ടകിനാവുകൾ മനസ്സിലുണ്ടല്ലോ!
—എൻ മനസ്സിലുണ്ടല്ലോ !

ച: മലർക്കിനാവിൽ തെളിഞ്ഞുവന്ന മാരനാരാണ്
നിന്മണിമാരനാരാണ് ?

ത: മാരനല്ല കിനാവിലുള്ളത് ചോരനാണല്ലോ—ഒരു
ചോരനാണല്ലോ !

രണ്ടുപേരും: മാറുകില്ലാ മായുകില്ലാ
മാറിൽനിന്നും ചോരനവൻ:
മാറുകില്ലാ മായുകില്ലാ മാറിൽനിന്നും ചോരനവൻ.

ത: കസർത്തുകാരാ, കറുത്തകണ്ണിൽ താമസമാരാണ്
—കണ്ണിൽ—താമസമാരാണ് ?

ച: കളിച്ചുകൊണ്ടൊരു കണ്മണി കണ്ണിൽ,
തപസ്സിരിപ്പാണ്—കണ്ണിൽ
—തപസ്സിരിപ്പാണ്.

ത: തപസ്സിരിപ്പാൻ താമരമിഴിയിൽ വിളിച്ചതാരാണ്
—അവളെ—വിളിച്ചതാരാണ് ?

ച: കഴിഞ്ഞ ജന്മം കന്മണിയിവിടെ കടന്നതാണല്ലോ
—പിന്നെ—പ്പിരിഞ്ഞതില്ലല്ലോ !

രണ്ടുപേരും: എന്നുമെന്നും വാഴുമിവിടെ
പണ്ടേ കണ്ടൊരു പെണ്ണല്ലോ
എന്നുമെന്നും വാഴുമിവിടെ
പണ്ടേ കണ്ടൊരു പെണ്ണല്ലോ !

ച: വെളുത്ത പെണ്ണേ........

ത: വെള്ളക്കവോളം........

## 6

### തങ്കം

കണ്ണുനീരിതു കണ്ടതില്ലയോ കാർമുകിൽവണ്ണാം,
കണ്ണുനീരിതു കണ്ടതില്ലയോ കാർമുകിൽവണ്ണാ,
വന്നു വാങ്ങുകെൻ ജീവനാകുമീ നല്ല തൂവെണ്ണാ!
—എൻ—താമരക്കണ്ണാ
കണ്ണുനീരിതു ........

മാറിൽ നീ ചൂടും മാലയിലൊരു മാലതീമലരായി
മാധവാ, തവ മായയാലെന്നെ മാറ്റുക വേഗം!
—നീ—മാറ്റുക വേഗം!

ഞാനൊരു വെറും കാനനത്തിലെ പുൽക്കൊടിയല്ലോ
തൂവുകെന്നിൽ നീ പാവനമണിവേണുവിൻ ഗാനം!
—എൻ—ജീവിതഗാനം!
കണ്ണുനീരിതു .. .... ...

കണ്ടുവന്ന കിനാക്കൾതന്നുടെ കാളിന്ദീനദിയിൽ
നിൻെറ പുഞ്ചിരി പഞ്ചമിയിലെ ചന്ദ്രികപോലെ
—എന്നും—പൊന്തിവന്നീലേ
കണ്ണുനീരിതു...........

## 7

### ചന്തു

ഫാലുപിടിച്ചൊരു പുലിയച്ചൻ—പുലി-
വാലു പിടിച്ചൊരു നായരച്ചൻ
നടുവിലു നട്ടംതിരിഞ്ഞു ഞമ്മള്"

ഹലാക്കിലായി ചങ്ങാതി!

ഹലാക്കിലായി ചങ്ങാതി!

ഹാലുപിടിച്ചോരു............

ചുററണ്ട് ചീററണ്ട് പുലിയച്ചൻ ഹാ
ചീറി നില്ക്കണ്ട് നായരച്ചൻ.
തെക്കവടക്ക കൂട്ടിൽ നടന്നോരു
മുക്കിലിരിക്കണ്ട് പുലിയച്ചൻ ഒരു
മുക്കിലിരിക്കണ്ട് പുലിയച്ചൻ:

ഹാലുപിടിച്ചോരു ...... ....

കാട്ടിൽ നടന്നോരു പുലിയച്ചൻ—തൻ
വീട്ടിലിരുന്നോരു നായരച്ചൻ:
അരികിൽച്ചെന്നാൽ നമ്മളെ—ബിരി-
യാണിയാക്കും പുലിയച്ചൻ!

ഹാലുപിടിച്ചോരു...............

പാഞ്ഞുനടക്കണ്ട് പുലിയച്ചൻ—താൻ
പല്ലിളിക്കണ്ട് പുലിയച്ചൻ!
എല്ലാം ഗതിയും മുട്ടിപ്പോയാൽ
പുല്ലു തിന്നുക പുലിയച്ചോ—! ഇതു
നല്ലതല്ലാ നായരച്ചാ!

ഹാലുപിടിച്ചോരു..........

നായരെത്തിന്നും നരിയച്ചൻ
നരിയെത്തിന്നും നായരച്ചൻ!
നരിയേം നായരേം ഒന്നിച്ചു തിന്നും
നാവു വളർന്നോരമ്മച്ചി!!

ഹാലുപിടിച്ചോരു..........

Mar Themotheus Memorial Press, Ltd., Ernakulam